10
ചൊവ്വ
ജനുവരി 2023
1198 ധനു 26
Vol0 5 Issue No.100

# കേരള പ്രണാമം

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

## ഓർമ്മപ്പെടുത്തലുകളുമായി മുഖ്യമന്ത്രി

### സംസ്ഥാനത്ത് ഓരോ പ്രദേശത്തും ആർഎസ്എസിന്റെ വർഗീയ നിലപാടിനെതിരെ പ്രവർത്തിച്ച രക്തസാക്ഷികളുണ്ട്

**തിരുവനന്തപുരം:** കേന്ദ്ര സർക്കാരിനും ആർഎസ്എസിനുമെതിരെ ശക്തമായ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ.സ്ത്രീകളുടെ അവകാശങ്ങൾ ഇല്ലാതാക്കാൻ സംസ്ഥാനത്ത് ശ്രമം നടക്കുന്നെന്നും മുഖ്യമന്ത്രി പറഞ്ഞു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ദേശീയസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കവെയാണ് മുഖ്യമന്ത്രി ഇങ്ങനെ അഭിപ്രായപ്പെട്ടത്. സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരിച്ചുകൊണ്ടുവരാൻ ബോധപൂർവമായ ശ്രമം നടക്കുന്നതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പലതിനും ഇരയാകുന്നത് സ്ത്രീകളാണ്. സമൂഹത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ ഇല്ലാതാക്കാൻ ശ്രമം നടക്കുന്നു. അക്രമിയെ കുറ്റപ്പെടുത്താതെ ആക്രമണത്തിന് ഇരയായ സ്ത്രീയെ കുറ്റപ്പെടുത്താൻ ശ്രമം നടക്കുന്നു. വിക്ടിംഗ് ഷെയിമിംഗാണ് ഇവിടെ നടക്കുന്നത്. മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരിനും സംഘപരിവാറിനും നേരെ മുഖ്യമന്ത്രി ആഞ്ഞടിച്ചു. കുറ്റവാളികളെ മഹത്വവൽക്കരിക്കാൻ സംഘപരിവാർ ശ്രമിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഫത്വ കേസിലെ പ്രതികൾക്ക് വേണ്ടി റാലി സംഘടിപ്പിച്ചതും ദേശീയ പൗരത്വ നിയമവും പരാമർശിച്ച മുഖ്യമന്ത്രി രാജ്യത്ത് ഏറ്റവുമധികം ആക്രമിക്കപ്പെടുന്നത് മുസ്ളീം വിഭാഗമാണ് എന്ന് സൂചിപ്പിച്ചു. മുസ്ളീമിനെയും ക്രിസ്ത്യാനിയെയും ശത്രുക്കളായാണ് സംഘപരിവാർ കാണുന്നത്. മുസ്ളീങ്ങൾക്ക് നേരെ ബജ്രംഗ് ദൾ ആക്രമണം പഴയ കാര്യമല്ല. പൗരത്വം മതാടിസ്ഥാനത്തിലാകണമെന്നാണ് ബിജെപി സർക്കാർ നിലപാട്. കാശിയിലെ ഗ്യാൻവാപി മസ്ജിദും മഥുരയിൽ ഷാഹിദ് ഗാഹ് മസ്ജിദും തകർക്കാൻ നീക്കം നടക്കുന്നു. മഥുരയിൽ പരിശോധനയ്ക്ക് തയ്യാറാണെന്ന് പുരാവസ്തു വകുപ്പ് പറയുന്ന്ത് സുപ്രീംകോടതി നിലപാടിന് എതിരാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യയിൽ ഒരുവിഭാഗത്തിന്റെമാത്രം വിവാഹമോചനം ക്രിമിനൽ കുറ്റമാണ്. മറ്റെല്ലാവിഭാഗങ്ങളിലും സിവിൽ കേസാണ്. ഇത് ബിജെപി സർക്കാരിന്റെ നിലപാടാണ്. പൗരനെ സംരക്ഷിക്കേണ്ട സർക്കാർ വിഭാഗീയതയുണ്ടാക്കി ഒരുവിഭാഗത്തെ ഭീതിയിലാഴ്ത്തുന്നു. ക്രൈസ്തവർക്കെതിരെയും ആക്രമണം നടക്കുന്നുണ്ട്. കർണാടകയിലടക്കം ആരാധനാ സ്വാതന്ത്ര്യം വിലക്കപ്പെടുന്നു. വൈദികരെയും കൊച്ചുകുട്ടികളെപ്പോലും ആക്രമിക്കുന്നു. എന്നാൽ കേരളത്തിൽ



പ്രീണനനയം സ്വീകരിച്ചാണ് സംഘപരിവാർ മുന്നോട്ട് പോകുന്നത്. സംഘപരിവാറിന്റെ യഥാർത്ഥ നിലപാട് കേരളത്തിലെടുക്കാൻ കഴിയില്ലെന്നും അതെടുത്താൽ ആബാലവൃദ്ധം ജനം ഒറ്റക്കെട്ടായി അവർക്കെതിരാകും. കാസർകോട് മുതൽ തിരുവനന്തപുരം വരെ ഓരോ പ്രദേശത്തും ആർഎസ്എസ് നിലപാടിനെതിരെ രക്തസാക്ഷിത്വം വരിച്ചവരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്ത് ബിജെപി ഇതര സംസ്ഥാനങ്ങളിൽ കേന്ദ്രം ഭരണഅട്ടിമറിയ്ക്ക് ശ്രമിക്കുന്നതായും ഗവർണർമാരെ ഉപയോഗിച്ച് വലിയതോതിൽ കൈകടത്തലാണ് കേന്ദ്രം നടത്തുന്നതെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. പട്ടിണിയിൽ 121 രാജ്യങ്ങളിൽ 107ാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളതെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.



ഓർത്തഡോക്സ് സഭാ ആസ്ഥാനമായ ദേവലോകം അരമനയിൽ സന്ദർശനത്തിനെത്തിയ ശശി തരൂരിനെ സഭാ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പൂച്ചെണ്ട് നൽകി സ്വീകരിക്കുന്നു

## നയം വ്യക്തമാക്കി തരൂർ


### നിയമസഭയിലേക്ക് മത്സരിക്കാൻ താത്പര്യം

**കോട്ടയം:** സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ താത്പര്യമുണ്ടെന്ന് വ്യക്തമാക്കി ശശി തരൂർ എം.പി. ഓർത്തഡോക്സ് സഭാ ആസ്ഥാനമായ ദേവലോകം അരമനയിൽ സന്ദർശനം നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കവെയാണ് തരൂർ ഇക്കാര്യം അറിയിച്ചത്.

തന്റെ മനസിലോ പ്രവൃത്തിയിലോ ജാതിയില്ലെന്നും കേരളത്തിൽ സജീവമാകണമെന്ന ഓർത്തഡോക്സ് സഭാ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ഉപദേശം ബഹുമാനത്തോടെ കാണുന്നുവെന്നും തരൂർ കൂട്ടിച്ചേർത്തു. കേരളത്തിൽ ഇനി സജീവമായി ഉണ്ടാകുമെന്നും തരൂർ പറഞ്ഞു.

തറവാടി നായരാണെന്ന പ്രയോഗത്തോട് പ്രതികരിക്കാനില്ലെന്നും അത് പറഞ്ഞവരോട് ചോദിക്കണമെന്നും പറഞ്ഞ തരൂർ താൻ ജാതീയ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും പ്രതികരിച്ചു.

ജാതിയും മതവുമെല്ലാം സ്വകാര്യമാണ്, ജാതിയല്ല കഴിവാണ് പ്രധാനം, തന്റെ വീട്ടിലെ കുക്കിന്റെ ജാതിപോലും തനിക്ക് അറിയില്ലെന്നും തരൂർ പറഞ്ഞു. എൻഎസ്എസ് രജിസ്ട്രാറുടെ രാജിയും തന്റെ സന്ദർശനവും തമ്മിൽ ബന്ധമുണ്ടെന്ന് തോന്നുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ജോശിമഠിൽ നിന്ന് 4000 പേരെ ഒഴിപ്പിച്ചു

**ന്യൂഡൽഹി:** വീടുകളിൽ വിള്ളലുകളുണ്ടാവുകയും ഭൂമി ഇടിഞ്ഞുതാഴുകയും ചെയ്ത ഉത്തരാഖണ്ഡിലെ ജോശിമഠിൽ 600 വീടുകൾ ഒഴിപ്പിച്ചു. 4000 ത്തോളം പേരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. പ്രദേശത്ത് നടത്തിയ ഉപഗ്രഹ സർവേയ്ക്ക് ശേഷമാണ് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചത്.

600 കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞദിവസം മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നു. ഹെലിക്കോപ്ടറുകൾ അടക്കം രക്ഷാപ്രവർത്തനത്തിനായി തയ്യാറാക്കി നിർത്തിയിട്ടുണ്ട്. ജോശിമഠിലും സമീപപ്രദേശങ്ങളിലും എല്ലാ നിർമാണപ്രവൃത്തികളും നിർത്തിവെക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഹെലാങ്- മർവാരി ബൈപ്പാസിന്റെ പ്രവൃത്തിയും എൻ.ടി.പി.സിയുടെ ഹൈഡൽ പ്രൊജക്ടിന്റെ നിർമാണപ്രവൃത്തികളും ഇതിന്റെ ഭാഗമായി നിർത്തിവെച്ചിട്ടുണ്ട്.

ജോശിമഠിലെ സാഹചര്യങ്ങൾ ആശങ്ക സൃഷ്ടിച്ചതോടെ പ്രധാനമന്ത്രിയുടെ ഓഫീസ് പ്രത്യേക യോഗം വിളിച്ചു ചേർത്തിരുന്നു. ദേശീയദുരന്ത നിവാരണ അതോറിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, റൂർക്കി ഐ.ഐ.ടി, വാഡിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ ജിയോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി ആൻഡ് സെൻട്രൽ ബിൽഡിങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരടങ്ങിയ സംഘത്തോട് പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.200 വീടുകളിൽ നിന്ന് ആളുകൾ സുരക്ഷിത സ്ഥാനത്തേക്ക് മാറിത്താമസിക്കാൻ നേരത്തെ തന്നെ ജില്ലാഭരണകൂടം ആവശ്യപ്പെട്ടിരുന്നു. ഓരോ കുടുംബത്തിനും അടുത്ത ആറ് മാസക്കാലത്തേക്ക് പ്രതിമാസം 4000 രൂപ വീതം നൽകുമെന്ന് സംസ്ഥാന ഭരണകൂടം പ്രഖ്യാപിച്ചിട്ടുണ്ട്.

ജോശിമഠിലെ 600ലേറെ വീടുകളിൽ വിള്ളൽ വീഴുകയും ഭാഗികമായി തകരുകയും ചെയ്തിട്ടുണ്ട്. ബദ്രിനാഥ്, ഹേംകുണ്ഡ് സാഹിബ് എന്നിവിടങ്ങളിലേക്കുള്ള കവാടമാണ് ഈ നഗരം. പുതിയ സാഹചര്യത്തിൽ ഈ ഭൂപ്രദേശത്തെ അപകടമേഖല, ബഫർ സോൺ, പൂർണമായും സുരക്ഷിതമായ മേഖല എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.






പ്രിയരെ,
എന്റെ അമ്മ പരേതനായ കാര്യങ്ങാട്ടിൽ പത്മനാഭൻ ഭാര്യ **രമണി**
(07.01.2023 ശനിയാഴ്ച) നിര്യാതയായ വിവരം അറിഞ്ഞിരിക്കുമല്ലോ.
ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും സമാശ്വസിപ്പിക്കുകയും ചെയ്ത എല്ലാവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.
പരേതയുടെ **അസ്ഥിസഞ്ചയനകർമ്മം**
**12.01.2023 വ്യാഴാഴ്ച രാവിലെ 08.00നും 09.00നും മധ്യേ**
**പുലയടിയന്തിരം 18.01.2023 ബുധനാഴ്ച** എന്റെ വസതിയിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ചടങ്ങുകളിൽ താങ്കൾ കുടുംബസമേതം പങ്കുകൊള്ളുവാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന് മകൾ: മിനി രാജേന്ദ്രൻ,
കുട്ടശ്ശംവീട്ടിൽ, നാട്ടിക

09.01.2023
നാട്ടിക




KSFE (ഒരു കേരള സർക്കാർ സ്ഥാപനം) CIN: U65923KL1969SGC002249
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232 email: mail@ksfe.com, www.ksfe.com

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## ജനത്തിന്റെ ക്ലീൻ ചിറ്റ് ലഭിക്കുമോ?

ഭരണഘടനാവിരുദ്ധ പരാമർശം നടത്തിയെന്ന ആരോപണത്തെ തുടർന്ന് രാജിവയ്ക്കേണ്ടിവന്ന സജി ചെറിയാൻ മന്ത്രിസ്ഥാനത്ത് തിരിച്ചെത്തിയെങ്കിലും വിവാദങ്ങൾ അവസാനിക്കുന്നില്ല. സജി ചെറിയാനെതിരായ നിയമനടപടികൾ തുടരാനുള്ള സാധ്യത ഇപ്പോഴുമുണ്ട്. അതിനാൽ രാജിവച്ച് മാസങ്ങൾക്കകമുള്ള തിരിച്ചുവരവ് അസാധാരണവും വിമർശകർക്ക് അവസരം നൽകുന്നതുമായി. ഇതു സർക്കാരിനും എൽ.ഡി.എഫിനും തലവേദനയാകുമെന്നുറപ്പ് . സത്യപ്രതിജ്ഞാ ചടങ്ങ് ബഹിഷ്ക്കരിച്ചതിലൂടെ പ്രതിപക്ഷം തങ്ങളുടെ നയം വ്യക്തമാക്കുകയും ചെയ്തു.ഭരണഘടനയെ അധിക്ഷേപിച്ചെന്ന ആരോപണം നിലനിൽക്കുന്ന വ്യക്തിയെ അതേ ഭരണഘടനയിൽ തൊട്ടാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചത്. ഗവർണർ സത്യപ്രതിജ്ഞയ്ക്ക് അനുമതി നൽകില്ലെന്ന പ്രതീക്ഷ സർക്കാരിന്റെ വിമർശകർക്ക് ഉണ്ടായിരുന്നു. എന്നാൽ ഗവർണറുടെ അനുമതി ലഭിച്ച് സത്യപ്രതിജ്ഞചെയ്തതോടെ രാഷ്ട്രീയക്കളത്തിൽ സർക്കാരിനു ലഭിച്ചതു വിജയപരിവേഷമാണ്.

സർക്കാരും ഗവർണറും തമ്മിൽ പൊരിഞ്ഞപോരെന്ന പ്രതീതി നിലനിൽക്കെത്തന്നെയാണ് സത്യപ്രതിജ്ഞയ്ക്കു അനുമതിയുണ്ടായതും. അസാധാരണമായ സാഹചര്യമാണിത്. എന്റെ ആശങ്ക മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ആത്യന്തികമായി മുഖ്യമന്ത്രിയുടെ ശുപാർശ അംഗീകരിക്കുകയാണ്. ഇതായിരുന്നു സജി ചെറിയാനു വീണ്ടും അനുമതി നൽകിയശേഷം ഗവർണർ നടത്തിയ പ്രതികരണം. അറ്റോർണി ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഗവർണറുടെ തീരുമാനം. ഭരണഘടനയുടെ 164 –ാം അനുച്ഛേദം അനുസരിച്ച് മന്ത്രിമാരുടെ നിയമനകാര്യത്തിൽ മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കാൻ ഗവർണർക്ക് ഉത്തരവാദിത്വമുണ്ട്. മുഖ്യമന്ത്രിയുടെ ശുപാർശ ഗവർണർ അംഗീകരിക്കാത്ത സാഹചര്യമുണ്ടായാൽ ഭരണഘടനയെ ഗവർണർ തന്നെ മറികടന്നതായി വരുമെന്നും അതിനാൽ വിയോജിപ്പ് രേഖപ്പെടുത്തി അനുമതി നൽകാമെന്നുമുള്ള ഉപദേശമാണ് ഗവർണർക്കു ലഭിച്ചത്. സർവകലാശാലാ വൈസ് ചാൻസലർമാരുടെ നിയമനത്തിലടക്കം ഒട്ടേറെ വിഷയങ്ങളിൽ സർക്കാരുമായി കൊമ്പുകോർത്തു നിൽക്കുന്ന ഗവർണർ ഈ വിഷയത്തിൽ പ്രതിപക്ഷം ആഗ്രഹിച്ചൊരു നടപടിക്ക് എതായാലും തുനിഞ്ഞില്ല. കേരളത്തിലെ യഥാർഥ പ്രതിപക്ഷം ഗവർണറാണെന്ന് ആവേശം കൊണ്ടിരുന്ന വിമർശകരെ ഗവർണറുടെ നടപടി നിരാശപ്പെടുത്തി.182 ദിവസത്തെ ഇടവേളയ്ക്കുശേഷമാണ് പിണറായി മന്ത്രിസഭയിലേക്കുള്ള സജിചെറിയാന്റെ തിരിച്ചുവരവ്. സജിക്കെതിരായ കേസുകളിൽ കോടതിയുടെ അന്തിമതീർപ്പ് വരാത്ത സാഹചര്യത്തിൽ ഇനിയെന്തെങ്കിലും പ്രശ്നം ഉണ്ടായാൽ പൂർണ ഉത്തരവാദിത്വം സർക്കാരിന്റേത് ആയിരിക്കുമെന്നാണ് ഗവർണർ മുഖ്യമന്ത്രിയെ അറിയിച്ചിരിക്കുന്നത്. എതിരായ എന്തെങ്കിലും പരാമർശം ഉണ്ടായാൽ മന്ത്രി സജി ചെറിയാനു മാത്രമല്ല സർക്കാരിനുതന്നെ അതൊരു കനത്ത തിരിച്ചടിയാകും . എന്നാൽ, അതിനൊരു സാധ്യതയില്ലെന്ന വലിയ ആത്മവിശ്വാസം മുഖ്യമന്ത്രിയുടെ സമീപനങ്ങളിൽ കാണാനാകും

സജി ചെറിയാന്റെ വിവാദ പരാമർശത്തിൽ പോലീസ് നടപടികൾ സാധാരണ ജനങ്ങളെ സംബന്ധിച്ച് ഒട്ടും ദഹിക്കുന്നതായിരുന്നില്ല. തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി അന്വേഷണം അവസാനിപ്പിച്ച രീതി ഏറെ പരിഹാസ്യമായി മാറി. ജാമ്യമില്ലാ വകുപ്പുപ്രകാരം കേസ് എടുത്തെങ്കിലും ചോദ്യം ചെയ്യൽ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിളിച്ചു വരുത്താൻ പോലും തയാറായില്ല. വീഡിയോ ഉൾപ്പെടെ ഉണ്ടായിട്ടും ശാസ്ത്രീയ തെളിവ് ശേഖരിക്കാൻ പോലീസ് തയാറാകാതിരുന്നതു കടുത്ത വിമർശനങ്ങൾക്ക് ഇടയാക്കി. പോലീസ് സമീപനത്തിലെ ഇരട്ടത്താപ്പുകൾക്ക് ഉദാഹരണമായി ഈ കേസും ഉയർത്തിക്കാട്ടുമെന്ന് ഉറപ്പ് പോലീസിനു തെളിവൊന്നും ലഭിച്ചില്ലെന്നു കരുതി സജി ചറിയാൻ കുറ്റക്കാരനല്ലെന്നു വരുമോ എന്നുള്ള ജനങ്ങളുടെ ന്യായമായ സംശയം ഇപ്പോഴും നിലനിൽക്കുന്നു. കഴിഞ്ഞ ജൂലൈയിൽ പത്തനംതിട്ട മല്ലപ്പിള്ളിയിൽ നടത്തിയ പ്രസംഗത്തിൽ സജി ചെറിയാൻ നടത്തിയ വിവാദ പരാമർശങ്ങൾ ഇപ്പോഴും ജനത്തിന്റെ കാതിലുണ്ട്. ഭരണഘടനയെ അവഹേളിച്ചെന്ന കേസിൽ കോടതിയുടെ അന്തിമതീർപ്പിനാണ് ജനം കാത്തിരിക്കുന്നത്. എം.എൽ.എ സ്ഥാനത്തുനിന്ന് സജിയെ അയോഗ്യനാക്കണമെന്ന ഹർജി നേരത്തേ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് തള്ളിക്കളഞ്ഞിരുന്നു. പൊതുപ്രവർത്തകരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനു അധിക നിയന്ത്രണം വേണ്ടെന്ന സുപ്രീം കോടതി വിധിയും നിലവിലുണ്ട്. കോടതി പരമർശത്തെ തുടർന്നായിരുന്നില്ല മന്ത്രിയുടെ രാജി. ധാർമികത ഉയർത്തിപ്പിടിച്ചു രാജിവയ്ക്കുന്നതായി അവകാശപ്പെട്ടപ്പോഴും കോടതിയിൽനിന്നുള്ള തിരിച്ചടി സർക്കാർ ഭയപ്പെട്ടിരുന്നു എന്നതാണ് സത്യം. ഇയൊരു ഭയം സർക്കാരിനിന് ഇപ്പോഴില്ല എന്നുവേണം കരുതാൻ. എന്നാൽ, വിഷയത്തിൽ കോടതിയുടെ അന്തിമ തീർപ്പുണ്ടാകുന്നതുവരെ മന്ത്രിക്ക് ജനങ്ങളുടെ ക്ലീൻ ചിറ്റ് ലഭിക്കാൻ ഇടയില്ല. വിമർശനങ്ങളും വിവാദവും തുടർന്നുകൊണ്ടേയിരിക്കും.



# പാർലമെൻററും സുപ്രീം കോടതിയും ആക്രമിച്ച് ബൊൽസൊനാരോ അനുകൂലികൾ; ബ്രസീലിൽ കലാപ സാഹചര്യം

ബ്രസീലിയ: ബ്രസീലിൽ കലാപം അഴിച്ചുവിട്ട് മുൻ പ്രസിഡന്റ് ജൈർ ബൊൽസൊനാരോ അനുകൂലികൾ. പാർലമെന്റ് മന്ദിരം വളഞ്ഞ പ്രക്ഷോഭർ ഞായറാഴ്ച പ്രസിഡന്റിന്റെ കൊട്ടാരവും സുപ്രീം കോടതിയും ആക്രമിച്ചു. 'ഫാസിസ്റ്റ് ആക്രമണം' എന്നാണ് സംഭവത്തോട് പ്രസിഡന്റ് ലുല ഡ സിൽവ പ്രതികരിച്ചത്. ബ്രസീൽ പതാകയുടെ നിറമുള്ള വസ്ത്രങ്ങളണിഞ്ഞായിരുന്നു തീവ്ര വലതുപക്ഷ അനുഭാവികളായ ബൊൽസൊനാരോ അനുകൂലികളുടെ പ്രതിഷേധം നടന്നത്. സുരക്ഷാസേന പ്രക്ഷോഭകരെ തടയുന്നതിൽ പരാജയപ്പെട്ടതോടെ പാർലമെന്റിന്റെ ഉള്ളിലെത്തിയ പ്രക്ഷോഭകർ സെനറ്റ് ഭാഗം അടിച്ചു തകർത്തു. പ്രക്ഷോഭകരെ നിയന്ത്രിക്കാൻ മണിക്കൂറുകളോളം പണിപ്പെട്ട പോലീസിന് ഒടുവിൽ കണ്ണീർവാതകം പ്രയോഗിക്കേണ്ടിവന്നു. വൈകുന്നേരത്തോടെയാണ് പ്രക്ഷോഭം പോലീസ് നിയന്ത്രണവിധേയമാക്കിയത്. 200–ഓളം പ്രക്ഷോഭകരെ പോലീസ് അറസ്റ്റു ചെയ്തു നീക്കി.

ലുല ഡ സിൽവ അധികാരത്തിലേറി ഒരാഴ്ച പിന്നിടുമ്പോഴാണ് പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്. ഒക്ടോബർ 30–ന് നടന്ന തിരഞ്ഞെടുപ്പിൽ ലുല ഡ സിൽവയുടെ വിജയത്തിൽ അട്ടിമറി നടന്നുവെന്നും നേരിയ ഭൂരിപക്ഷത്തിന്റെ പിൻബലത്തിലാണ് സിൽവ പ്രസിഡന്റ് സ്ഥാനത്തേക്കെത്തിയത് എന്നുമാരോപിച്ചാണ് ആയിരക്കണക്കിന് ബൊൽസൊനാരോ അനുകൂലികളുടെ പ്രതിഷേധം. തിരഞ്ഞെടുപ്പു ഫലത്തിൽ പുനപ്പരിശോധന നടത്തണമെന്നും ബോൽസൊനാരോയ്ക്ക് അധികാരം നൽകണമെന്നുമാണ് പ്രക്ഷോഭകരുടെ ആവശ്യം.എന്നാൽ, തിരഞ്ഞെടുപ്പിലെ പരാജയത്തിനു ശേഷം ഫ്ളോറിഡയ്ക്കു കടന്ന ബൊൽസൊനാരോ ഇതുവരെ പ്രതികരിച്ചിട്ടില്ല. തിരഞ്ഞെടുപ്പു നടന്ന് മാസങ്ങളായെങ്കിലും ബൊൽസൊനാരോ തോൽവി അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. തിരഞ്ഞെടുപ്പിനുപയോഗിച്ച ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനിൽ തിരിമറി നടന്നെന്നും അതാണ് തന്റെ തോൽവിയ്ക്കു കാരണമെന്നുമാണ് ബൊൽസൊനാരോയുടെ വാദം.

അതേസമയം, ആക്രമണത്തെ അപലപിച്ച ലുല ഡ സിൽവ, ഫാഷിസ്റ്റ് അനുകൂലികളാണ് പ്രക്ഷോഭത്തിനു പിന്നിലെന്നും രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നു വരെ കാണാത്ത സംഭവവികാസങ്ങളാണിതെന്നും അഭിപ്രായപ്പെട്ടു. പിടിയിലായവർ കടുത്ത നിയമനടപടികൾ നേരിടേണ്ടിവരുമെന്നും ഫാഷിസ്റ്റ് അജണ്ടകൾ രാജ്യം തടയുമെന്നും ഡ സിൽവ പറഞ്ഞു.

നീണ്ട 34 വർഷങ്ങൾക്കു ശേഷമായിരുന്നു ബ്രസീലിൽ അധികാരത്തിലിരുന്ന ഒരു പ്രസിഡന്റ് പരാജയപ്പെടുന്നത്. ഡ സിൽവ 50.9 ശതമാനം വോട്ടുകൾ നേടിയപ്പോൾ ബൊൽസൊനാരോ 49.1 ശതമാനം വോട്ടുകളാണ് നേടിയത്. സർക്കാർ എണ്ണക്കമ്പനിയുടെ കരാറുമായി ബന്ധപ്പെട്ട അഴിമതി കേസിൽ 580 ദിവസത്തോളം ഡ സിൽവ ജയിലിൽ കഴിഞ്ഞിരുന്നു. ഒടുവിൽ ശിക്ഷ റദ്ദാക്കിയതോടെയാണ് രാഷ്ട്രീയ രംഗത്തേക്ക് തിരിച്ചെത്തിയത്.



# ശതകോടീശ്വരനാണെങ്കിലും മനുഷ്യത്വമില്ല എല്ലാം വാഗ്ദാനങ്ങൾ മാത്രം; ഇലോൺ മസ്കിനെതിരെ ആരോപണവുമായി മുൻ ട്വിറ്റർ ജീവനക്കാർ

ന്യൂയോർക്ക്: ടിറ്ററിലെ കൂട്ടപിരിച്ച് വിടലിന് ശേഷം നിലവിലെ മേധാവിയായ ഇലോൺ മസ്കിനെതിരെ കടുത്ത ആരോപണങ്ങളുമായി മുൻ ജീവനക്കാർ രംഗത്തെത്തി.ശതകോടീശ്വരനായ യുവപ്രതിഭ പിരിച്ചുവിട്ട സമയത്ത് വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ ഭൂരിഭാഗം പേർക്കും ഇത് വരെ നൽകിയിട്ടില്ല എന്നാണ് പരാതി.

മൂന്ന് മാസത്തെ ശമ്ബള ആനുകൂല്യം പിരിച്ച് വിടൽ നടപടി നേരിട്ട ജീവനക്കാർക്ക് മസ്ക് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ പിരിച്ച്വിട്ട് മാസങ്ങൾ പിന്നിട്ടിട്ടും കുറച്ച്പേർക്ക് മാത്രമേ അത്രയും നഷ്ടപരിഹാര തുക ലഭിച്ചിട്ടുള്ളു എന്നാണ് ജീവനക്കാർ ആരോപിക്കുന്നത്. മൂന്ന് മാസത്തെ കുടിശ്ശിക എന്ന് പറഞ്ഞിടത്ത് ഒരു മാസത്തെ ശമ്ബളം മാത്രമാണ് ലഭിച്ചത് എന്ന പരാതിയും പങ്കുവെയ്ക്കപ്പെടുന്നുണ്ട്. ടിറ്റർ സിഇഒ തങ്ങളോട് മനുഷ്യത്വം കാണിക്കണമെന്നാണ് മുൻ ജീവനക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

കഴിഞ്ഞ നവംബർ ഒന്നിന് ശേഷം കമ്ബനി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാരമായി സ്റ്റോക്ക് വിഹിതം ജീവനക്കാർക്ക് നൽകേണ്ടതുണ്ട്. എന്നാൽ വലിയൊരു വിഭാഗം ജീവനക്കാർക്ക് ഈ തുക നൽകുന്നത് ഒഴിവാക്കാനായയാണ് അതിന് മുൻപ് തന്നെ ജീവനക്കാരെ പിരിച്ച് വിട്ടത് എന്ന ആരോപണവവും മസ്കിനെതിരെ ഉയർന്നിരുന്നു. ഇതിനിടയിലാണ് കമ്ബനി ഏറ്റെടുക്കലിന് ബലിയാടായ ജീവനക്കാർ മസ്കിനെതിരെ വീണ്ടും പ്രതികരണവുമായി രംഗത്തെത്തിയത്.

# പ്രവാസികൾ ഇന്ത്യയുടെ ബ്രാൻഡ് അംബാസഡർമാർ; രാജ്യത്തിനായി പ്രധാന സ്ഥാനം വഹിക്കുന്നതായി പ്രധാനമന്ത്രി




ഇൻഡോർ: പ്രവാസികൾ രാജ്യത്തിന്റെ ബ്രാൻഡ് അംബാസഡർമാരാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആഗോളതലത്തിൽ ഇന്ത്യയ്ക്ക് പ്രാധാന്യമേറുന്നതിനെക്കുറിച്ചും മദ്ധ്യപ്രദേശിലെ ഇൻഡോർ വേദിയാകുന്ന പ്രവാസി ഭാരതീയ ദിവസ് കൺവെൻഷനിൽ സംസാരിക്കവേ അദ്ദേഹം പറഞ്ഞു.

മൂന്ന് ദിവസങ്ങളിലായി തുടരുന്ന കൺവെൻഷൻ കൊവിഡ് പ്രതിസന്ധി മൂലം നാല് വർഷങ്ങൾക്ക് ശേഷമാണ് നടക്കുന്നത്.

പ്രവാസികൾ ഇന്ത്യയുടെ ബ്രാൻഡ് അംബാസഡർമാരാണ്. അവരുടെ പങ്ക് വളരെ വ്യത്യസ്തമാണ്. അടുത്ത 25 വർഷത്തെ അമൃതദിനങ്ങളിലേയ്ക്ക് രാജ്യം പ്രവേശിച്ചിരിക്കുന്ന ഘട്ടത്തിലെ യാത്രയിലേയ്ക്ക് പ്രവാസികൾ പ്രധാന സ്ഥാനം വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

ഇപ്പോഴത്തെ ഇന്ത്യയെ ലോകം പ്രതീക്ഷയോടെയും കൗതുകത്തോടെയുമാണ് നോക്കുന്നത്. ആഗോളവേദിയിൽ ഇന്ത്യയുടെ ശബ്ദം മുഴങ്ങുന്നു. ജി20 ഉച്ചകോടിയിൽ ഇന്ത്യയുടെ പ്രാതിനിധ്യം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യക്ക് ഒരു വിജ്ഞാന കേന്ദ്രമാകാനുള്ള കഴിവ് മാത്രമല്ല ഉള്ളത്. നൈപുണ്യമുള്ള ഇടം കൂടിയാണ് അത്. നമ്മുടെ യുവാക്കൾക്ക് കഴിവുകളുണ്ട്, മൂല്യങ്ങളും സത്യസന്ധതയും ജോലിയോടുള്ള നിശ്ചയദാർഢ്യവുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ നൈപുണ്യത്തിന് ലോകത്തിന്റെ തന്നെ വളർച്ചാ സൂചികയാവാൻ കഴിയും മോദി പറഞ്ഞു.

അതേസമയം മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് ഞായറാഴ്ച പ്രവാസി ഭാരതീയ ദിവസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തത്. പരിപാടി നാളെ അവസാനിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ പങ്കെടുക്കുന്നുണ്ട്. സമാപന സമ്മേളനത്തിൽ പ്രവാസികളെ രാഷ്ട്രപതി ആദരിക്കും. 70 രാജ്യങ്ങളിൽ നിന്നുള്ള 3500 പ്രവാസികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. രണ്ട് വർഷത്തിലൊരിക്കൽ ജനുവരി 9 നാണ് പ്രവാസി ഭാരതീയ ദിവസ് ആഘോഷിച്ച് വന്നിരുന്നത്. കൊവിഡ് കാലയളവിലെ നിയന്ത്രണങ്ങൾ മൂലം നാല് വർഷങ്ങൾക്ക് ശേഷമാണ് മദ്ധ്യപ്രദേശ് വീണ്ടും വേദിയായി മാറിയത്.



## യുഎസിലെ ആദ്യ സിഖ് വംശജയായ ജഡ്ജ്ആയി മോണിക്ക സിങ്

ഹൂസ്റ്റൺ: യുഎസിൽ ജഡ്ജായായി ചുമതലയേൽക്കുന്ന ആദ്യ സിഖ് വനിതയായി ഇന്ത്യൻ വംശജ മൻപ്രീത് മോണിക്ക സിങ്. ഹാരിസ് കൗണ്ടി സിവിൽ കോടതിയിലെ ജഡ്ജായാണ് മൻപ്രീത് ചുമതലയേറ്റത്.

20 വർഷത്തോളമായി യുഎസിൽ അഭിഭാഷകയായി പ്രവർത്തിക്കുന്ന മൻപ്രീത് നിരവധി പൗരാവാകാശ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിൽ വേരുകളുള്ള മൻപ്രീതിന്റെ കുടുംബം 1970–കളുടെ തുടക്കത്തിലാണ് യുഎസിലേക്ക് കുടിയേറിയത്. ഹൂസ്റ്റണിൽ ജനിച്ചുവളർന്ന മൻപ്രീത് ഭർത്താവിനും മക്കൾക്കുമൊപ്പം ബെല്ലെയ്റിലാണ് താമസം.

മൻപ്രീതിന്റെ നേട്ടം സിഖ് സമൂഹത്തിന് ഏറെ അഭിമാനം നൽകുന്നതാണെന്നും മൻപ്രീത് സിഖുകാരുടെ മാത്രമല്ല എല്ലാ ഇന്ത്യൻ സ്ത്രീകളുടേയും പ്രതിനിധിയാണെന്നും ഇന്ത്യൻ വംശജനായ യുഎസ് ജഡ്ജ് രവി സന്ദിൽ അഭിപ്രായപ്പെട്ടു. യുഎസിലെ ആദ്യ ദക്ഷിണേഷ്യൻ ജഡ്ജാണ് അദ്ദേഹം.

യു.എസിലാകാമാനം ഏകദ്ദേശം അഞ്ചു ലക്ഷത്തോളം സിഖ് വംശജരാണുള്ളത്. ഇതിൽ ഏതാണ്ട് ഇരുപതിനായിരത്തോളം പേർ ഹൂസ്റ്റണിലുണ്ട്.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.




# കൊച്ചിയിൽ ടോറസ് ലോറി രണ്ട് ഇരുചക്രവാഹനങ്ങളിലിടിച്ചു; നഴ്സ് ഉൾപ്പെടെ രണ്ടുപേർ മരിച്ചു

**കൊച്ചി:** എറണാകുളം ചേരാനല്ലൂരിൽ ലോറി ഇരുചക്ര വാഹനങ്ങളിൽ ഇടിച്ച് നഴ്സ് ഉൾപ്പെടെ രണ്ടുപേർ മരിച്ചു. ഗുരുതരമായി പരിക്കേറ്റ മറ്റൊരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇടപ്പള്ളി ഭാഗത്തേക്ക് പോവുകയായിരുന്ന ഇരുചക്രവാഹനങ്ങളിൽ, പിന്നാലെയെത്തിയ ലോറി ഇടിക്കുകയായിരുന്നു. തിങ്കളാഴ്ച രാവിലെ 10.30ഓടെയായിരുന്നു അപകടം. ബൈക്ക് യാത്രികരായിരുന്ന ലിസ ആന്റണി(38), നസീബ് (35) എന്നിവരാണ് മരിച്ചത്. അമൃത ആശുപത്രിയിലെ നഴ്സായ ലിസ പാനായിക്കുളം ചിറയം സ്വദേശിയാണ്. മന്നം നോർത്ത് പറവൂർ സ്വദേശിയാണ് നസീബ്. ലോറി ഇടിച്ചതിന് പിന്നാലെ ഇരുചക്രവാഹന യാത്രികർ റോഡിലേക്ക് തെറിച്ചുവീണു. ലിസയെയും നസീബിനെയും ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



# ഇരട്ടക്കൊലക്കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങി; വിവാഹം കഴിഞ്ഞ് സുഖമായി കഴിയുന്നതിനിടെ പിടികൂടി പൊലീസ്

**പൂക്കോട്ടുംപാടം:** തമിഴ്നാട് നാഗർകോവിലിൽ ഇരട്ടക്കൊലപാതകക്കേസിൽ അറസ്റ്റിലായി ജാമ്യത്തിലിറങ്ങി മുങ്ങിയയാൾ 17 വർഷങ്ങൾക്ക് ശേഷം മലപ്പുറം നിലമ്പൂർ പൂക്കോട്ടുംപാടത്ത് അറസ്റ്റിലായി. തമിഴ്നാട് തിരുനെൽവേലി അഴകിയ പാണ്ടിപുരം സ്വദേശി റഷീദാണ് (48) അറസ്റ്റിലായത്. പൂക്കോട്ടുംപാടം ചുള്ളിയോടുനിന്ന് വിവാഹം കഴിച്ച് കുടുംബമായി താമസിച്ചുവരികയായിരുന്നു. 2005ൽ നാഗർകോവിലിൽ ഭൂതപാണ്ടി പൊലീസ് സ്റ്റേഷൻ പരിധിയിലായിരുന്നു കൊലപാതകം.രണ്ട് മുതലാളിമാർ തമ്മിലുള്ള ബിസിനസ് തർക്കത്തിന്റെ പേരിൽ ഒരു വിഭാഗം എതിർവിഭാഗത്തിലെ രണ്ടുപേരെ ഒരേ ദിവസം രണ്ട് സ്ഥലത്തായി വെട്ടിക്കൊലപ്പെടുത്തിയിരുന്നു. ഇവയിലൊന്നിൽ മൂന്നാം പ്രതിയും രണ്ടാമത്തേതിൽ ആറാംപ്രതിയുമായ റഷീദിനെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നെങ്കിലും ജാമ്യത്തിലിറങ്ങി ഇയാൾ മുങ്ങുകയായിരുന്നു. ശേഷം മലപ്പുറത്തെത്തിയ പ്രതി ചുള്ളിയോടു നിന്ന് വിവാഹം കഴിച്ചു. ടാപ്പിംഗ് ജോലി ചെയ്തിരുന്ന ഇയാൾ ഇതിനിടെ ജോലി തേടി വിദേശത്തേക്ക് പോയി. അടുത്തിടെയാണ് തിരിച്ചെത്തിയത്. പ്രതിയുടെ മുൻകാല ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ച് പൂക്കോട്ടുംപാടം പൊലീസിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് അറസ്റ്റ്. ഭൂതപാണ്ടി പൊലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം പൂക്കോട്ടുംപാടത്തെത്തി പ്രതിയെ ഏറ്റുവാങ്ങി.



# കൊച്ചി മെട്രോ പില്ലറിൽ വിള്ളൽ; ബലക്ഷയമില്ലെന്ന് കെ.എം.ആർ.എൽ.

കൊച്ചി: ആലുവയിൽ കൊച്ചി മെട്രോയുടെ തൂണിൽ വിള്ളൽ. ആലുവ ബൈപാസിനോട് ചേർന്നുള്ള പില്ലർ നമ്പർ 44ൽ തൂണിന്റെ പ്ലാസ്റ്ററിലാണ് തറനിരപ്പിൽ നിന്ന് എട്ടടിയോളം ഉയരത്തിൽ വിള്ളൽ കണ്ടെത്തിയിരിക്കുന്നത്. ഏതാനും മാസങ്ങളായി ചെറിയതോതിൽ വിള്ളൽ കാണുന്നുണ്ടെന്നും ക്രമേണ വിടവ് വർധിച്ച് വരുന്നതായും സമീപവാസികൾ പറയുന്നു. മെട്രോ അധികൃതർ പരിശോധന നടത്തി സമീപവാസികളുടെ ആശങ്ക പരിഹരിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു. അതേസമയം, വിള്ളൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും തൂണിന് ബലക്ഷയമില്ലെന്നാണ് മെട്രോ അധികൃതർ പറയുന്നത്. വിള്ളൽ മുമ്പുതന്നെ ശ്രദ്ധയിൽപെട്ടിരുന്നെന്നും ഇത് പരിശോധിച്ച് തൂണിന് ബലക്ഷയമില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കെ.എം.ആർ.എൽ. പബ്ലിക് റിലേഷൻസ് ഓഫീസർ പറഞ്ഞു.




# സുനുവിന്റെ തൊപ്പി തെറിച്ചു; ബലാത്സംഗം അടക്കമുള്ള കേസുകൾ, 15 തവണ നടപടി, പിരിച്ചുവിട്ട് ഡിജിപി

തിരുവനന്തപുരം: ബലാത്സംഗം അടക്കമുള്ള കേസുകളിൽ പ്രതിയായ ബേപ്പൂർ കോസ്റ്റൽ സി.ഐ. പി.ആർ.സുനുവിനെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. തിങ്കളാഴ്ച സംസ്ഥാന പോലീസ് മേധാവിയാണ് സുനുവിനെ പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവിറക്കിയത്. പോലീസ് ആക്ടിലെ 86-ാം വകുപ്പ് പ്രകാരമാണ് നടപടി. ആദ്യമായാണ് ഈ വകുപ്പ് ഉപയോഗിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനെ സർവീസിൽനിന്ന് പിരിച്ചുവിടുന്നത്. തുടർച്ചയായി കുറ്റകൃത്യം ചെയ്യുന്നയാൾ പോലീസിൽ തുടരാൻ യോഗ്യനല്ലെന്നാണ് ഡി.ജി.പി.യുടെ ഉത്തരവിൽ പറയുന്നത്. ബലാത്സംഗം അടക്കം ഒട്ടേറെ ക്രിമിനൽ കേസുകളാണ് സുനുവിനെതിരേയുള്ളത്. ഇതിൽ നാലെണ്ണം പീഡനവുമായി ബന്ധപ്പെട്ട കേസുകളാണ്. 15 തവണ ഇയാൾക്കെതിരേ വകുപ്പുതല നടപടി സ്വീകരിച്ചു. സർവീസ് കാലയളവിൽ ആറ് സസ്പെൻഷനും കിട്ടി. ഏറ്റവും ഒടുവിൽ തൃക്കാക്കര പോലീസ് സ്റ്റേഷനിലാണ് സുനുവിനെതിരേ കേസ് രജിസ്റ്റർ ചെയ്തിരുന്നത്. തട്ടിപ്പുകേസിലെ പ്രതിയുടെ ഭാര്യയായിരുന്നു പരാതിക്കാരി. ഭർത്താവിനെ കേസിൽനിന്ന് രക്ഷിക്കാമെന്ന് പറഞ്ഞ് സി.ഐ. അടുപ്പംസ്ഥാപിച്ചെന്നും പിന്നീട് ഭർത്താവിന്റെ സുഹൃത്തുക്കളുടെ സഹായത്തോടെ പീഡിപ്പിച്ചെന്നുമായിരുന്നു യുവതിയുടെ ആരോപണം. തുടർന്ന് കൊച്ചിയിൽനിന്നുള്ള പോലീസ് സംഘം ബേപ്പൂർ സ്റ്റേഷനിലെത്തി സുനുവിനെ കസ്റ്റഡിയിലെടുത്തു. കൊച്ചിയിലെത്തിച്ച് മണിക്കൂറുകളോളം ചോദ്യംചെയ്തെങ്കിലും അറസ്റ്റ് രേഖപ്പെടുത്തിയില്ല. സുനുവിനെതിരേ തെളിവില്ലെന്നായിരുന്നു പോലീസിന്റെ വിശദീകരണം. തൃക്കാക്കര പീഡനക്കേസിൽ എ.സി.പി. സമർപ്പിച്ച റിപ്പോർട്ടിലും സി.ഐ.ക്കെതിരേ തെളിവ് ലഭിച്ചിട്ടില്ലെന്നാണ് വിശദീകരിച്ചിരുന്നത്. ആരോപണങ്ങളുടെ പേരിൽ നടപടിയെടുക്കാനാവില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. തൃക്കാക്കര കേസുമായി ബന്ധപ്പെട്ട് വിശദീകരണം നൽകാൻ സുനുവിനോട് നേരിട്ട് ഹാജരാകാൻ ഡി.ജി.പി. നേരത്തെ ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ ചൊവ്വാഴ്ച രാവിലെ 11-മണിക്ക് ഡി.ജി.പി.യുടെ ചേംബറിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകാനാണ് സുനുവിനോട് നോട്ടീസിലൂടെ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഡി.ജി.പിക്ക് മുന്നിൽ ഹാജരാകാതിരുന്ന സുനു, ചികിത്സയിലാണെന്നും 15 ദിവസം കൂടി സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഇ-മെയിൽ അയക്കുകയായിരുന്നു. പിന്നീട് ഓൺലൈൻ വഴി വിശദീകരണം നൽകി. ഇതിനു ശേഷമാണ് സുനുവിനെ പിരിച്ചുവിട്ടുള്ള ഉത്തരവ് പുറത്തിറക്കിയത്.




# ക്രിക്കറ്റ് നിരീക്ഷണം കർക്കശമെന്ന് ട്രോളുകൾ; വികസനപദ്ധതികൾ അക്കമിട്ട് നിരത്തി മറുപടി കുറിച്ച്‌വി കെ പ്രശാന്ത് എംഎൽഎ

**തിരുവനന്തപുരം:** സംസ്ഥാനത്തെ മന്ത്രിമാരുടെയും സാമാജികരുടെയും കായികപ്രേമം പലപ്പോഴായി ചർച്ചകളിൽ ഇടം പിടിച്ചിട്ടുണ്ട്.ഖത്തർ ലോകകപ്പിന്റെ പേരിലുണ്ടായ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്ക് ചൂടാറി വരുന്നതേയുള്ളു. കളിപ്രേമം വാർത്തയായതിന് പിന്നാലെ യൂത്ത് കോൺഗ്രസ് നേതാവ് ഷാഫി പറമ്പിലിനെതിരെ സംസ്ഥാന തല യോഗത്തിൽ ചുമതല മറക്കുന്നു എന്ന പേരിൽ നിശിത വിമർശനവും ഉയർന്നിരുന്നു. എന്നാലിപ്പോൾ വി കെ പ്രശാന്ത് എംഎൽഎയുടെ കായികപ്രേമത്തെ പ്രതിപാദിച്ചുകൊണ്ട് സോഷ്യൽ മീഡിയയിൽ പ്രത്യക്ഷപ്പെട്ട കളിയാക്കലുകളും അതിന് അദ്ദേഹം നൽകിയ മറുപടിയുമാണ് ശ്രദ്ധേയമാകുന്നത്. ഇന്ത്യ-ശ്രീലങ്ക മൂന്നാം ടി20 മത്സരത്തിന്റെ സ്കോർ പങ്കുവെച്ച് കൊണ്ടുള്ള വട്ടിയൂർക്കാവ് എംഎൽഎയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ സ്ക്രീൻ ഷോട്ട് ശ്രീജിത്ത് പണിക്കർ പോസ്റ്റ് ചെയ്തിരുന്നു. വട്ടിയൂർക്കാവിന്റെ ഭാഗ്യം. ക്രിക് ഇൻഫോ, ക്രിക്ബസ് അടക്കമുള്ള സൈറ്റുകളേക്കാൾ വേഗതയും കൃത്യതയും എംഎൽയ്ക്ക് ഉണ്ടെന്ന അടിക്കുറിപ്പോടെയായിരുന്നു ശ്രീജിത്തിന്റെ പോസ്റ്റ്. അദ്ദേഹത്തിന്റെ പോസ്റ്റിന്റെ ചുവടുപിടിച്ച് നിരവധി ട്രോളുകൾ വിഷയത്തിൽ പിന്നീട് സാമൂഹ്യ മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഒടുവിൽ വിഷയത്തിൽ തന്റെ ഭാഗം അറിയിച്ച് കൊണ്ട് വി കെ പ്രശാന്ത് തന്നെ രംഗത്തെത്തി. താനിരിക്കുന്ന പദവിയുടെ ഉത്തരവാദിത്വത്തെ പറ്റി ബോധവാനാണെന്നും ചുമതല നിർവഹിക്കാതെയല്ല കായിക രംഗത്തെ അപ്ഡേറ്റുകൾ പങ്കുവെയ്ക്കുന്നത് എന്ന തരത്തിൽ അദ്ദേഹം ഫേസ്ബുക്കിലൂടെ തന്നെ പ്രതികരണമറിയിക്കുകയായിരുന്നു.
വി കെ പ്രശാന്തിന്റെ ഫേസ്ബുക്ക് കുറിപ്പിന്റെ പൂർണരൂപം
നല്ല ട്രോളുകൾ പണ്ടുമുതൽക്കേ ആസ്വദിക്കാറുണ്ട് എന്നാൽ ചിലർ ക്രിക്കറ്റ് അപ്ഡേറ്റുകളെയും ഫുട്ബോൾ അപ്ഡേറ്റുകളെയും വളരെ മോശമായ രീതിയിലാണ് ചിലർ കാണുന്നത് .... താങ്കൾ ഒരു എംഎൽഎ അല്ലേ താങ്കൾ ഇത്തരം പോസ്റ്റുകൾ ഷെയർ ചെയ്യുന്നത് ശരിയല്ല എന്നൊക്കെ .... മണ്ഡലത്തിൽ നിലവിൽ ഏറ്റെടുത്തിട്ടുള്ള എല്ലാ വികസന പ്രവർത്തനങ്ങളുടെയും റിവ്യൂ മീറ്റിങ്ങുകൾ എല്ലാ ആഴ്ചകളിലും ചേരുന്നുണ്ട് , എല്ലാ ദിവസങ്ങളിലും അതിൻറെ **Follow up** ഉം ചെയ്യാറുണ്ട് നിലവിൽ ഏറ്റെടുത്തിട്ടുള്ള വലിയ പദ്ധതികൾ വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, റോഡുകളുടെ വികസനം ,പട്ടം ഫ്ലൈ ഓവർ , പേരൂർക്കട ഫ്ലൈ ഓവർ കുലശേഖരം പാലത്തിന്റെ പണികൾ പൂർത്തിയായി അടുത്തമാസം ഉദ്ഘാടനം ചെയ്യും , എംഎൽഎ ആയതിനുശേഷം മണ്ഡലത്തിൽ 250 ഓളം റോഡുകൾ വർക്കുകൾ പൂർത്തീകരിച്ചു പട്ടം സ്കൂളിലും വട്ടിയൂർക്കാവ് സ്കൂളിലും പുതിയ കെട്ടിടങ്ങൾ , വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ , പുതിയ വില്ലേജ് ഓഫീസുകൾ , റവന്യൂ ടവറുകൾ പുതിയ സിവറേജ് പദ്ധതികൾ , കിള്ളിയാറിന്റെ സൈഡ് വാൾ നിർമ്മാണ പ്രവർത്തനങ്ങൾ മണ്ഡലത്തിലെ ലൈബ്രറികളുടെ നവീകരണം , പുതിയ കുടിവെള്ള കണക്ഷനുകൾ .... ഇതിന്റെ എല്ലാം **Follow up** കൾ ഡെയിലി നടത്താറുണ്ട് അതിനുശേഷം മാത്രമാണ് ക്രിക്കറ്റ് ഫുട്ബോൾ മത്സരങ്ങൾ കാണുന്നത് അതും രാത്രിയിൽ മണ്ഡലത്തിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും റിവ്യൂ മീറ്റിംഗ് പോസ്റ്റ് ചെയ്യാറുണ്ട് അതിനൊപ്പം ആണ് ക്രിക്കറ്റ് ഫുട്ബോൾ മത്സരങ്ങളുടെ സ്കോറുകളും പോസ്റ്റ് ചെയ്യുന്നത് നിലവിൽ മണ്ഡലത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്തുതീർത്തതിനു ശേഷം മാത്രമാണ് ക്രിക്കറ്റ് ഫുട്ബോൾ മത്സരങ്ങൾ കാണുന്നതും സ്കോറുകൾ അപ്ഡേറ്റ് ചെയ്യുന്നതും , എന്നാൽ കഴിഞ്ഞ ദിവസം ചിലരുടെ **Personal Post** കൾ കണ്ടു , വളരെ മോശമായ രീതിയിലുള്ള കമന്റുകളും .... കായികത്തെ ഇഷ്ടപ്പെടുന്ന ഒത്തിരി ആളുകൾ ഈ പേജ് ലൈക്ക് ചെയ്തിട്ടുണ്ട് അവർക്കായാണ് , ഇൗശരസലത്തിന്റെയും ഫുട്ബോൾ മത്സരത്തിന്റെയും പോസ്റ്റുകൾ ചെയ്യുന്നത് , ഇഷ്ടപ്പെടുന്നവർ അതു ഘശസല & ഇീാലിേ ചെയ്യട്ടെ അതല്ലെ അതിന്റെ ശരി




# മന്ത്രിമാരുടെയും എംഎൽഎമാരുടെയും ശമ്പള വർദ്ധനവ്; ഇന്ധനത്തിന് മൂന്ന് ലക്ഷം, അലവൻസ് 35 ശതമാനം വരെ കൂട്ടാൻ ശുപാർശ

**തിരുവനന്തപുരം:** മന്ത്രിമാർക്കും എംഎൽഎമാർക്കുമുള്ള അലവൻസുകളിൽ വീണ്ടും വർദ്ധന വരുത്താൻ ശുപാർശ. ശമ്പളവർദ്ധനവിനെക്കുറിച്ചുള്ള വിശദ പഠനത്തിനായി ഏർപ്പെടുത്തിയ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അലവൻസുകളിൽ യഥാക്രമം 30 മുതൽ 35 ശതമാനം വരെ വർദ്ധന വരുത്താനാണ് ശുപാർശ. ദൈനം ദിന ചെലവുകൾ കൂടിയ സാഹചര്യത്തിൽ ആനുകൂല്യങ്ങളും അലവൻസുകളും കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശക്തമായപ്പോഴാണ് സർക്കാർ കമ്മീഷനെ വച്ചത്. അതിൻ പ്രകാരം ജൂലൈയിൽ നിയമിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായരുടെ ഏകാംഗ കമ്മീഷൻ കഴിഞ്ഞ ആഴ്ച സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു.മുൻകാലങ്ങളിലെ പോലെ അടിസ്ഥാന ശമ്പളത്തിൽ വലിയ വ്യത്യാസം വരുത്താതെ അലവൻസുകളും ആനുകൂല്യങ്ങളിൽ തന്നെ വർദ്ധനവ് പ്രാബല്യത്തിൽ വരുത്താനാണ് ശുപാർശ. പ്രധാനമായും ടി.എ 15 എന്നതിൽ നിന്ന് 20 രൂപയാക്കി പരിഷ്തരിക്കാനും നിർദേശിക്കുന്നുണ്ട്. ഫോൺസൗകര്യം, ചികിത്സ, താമസം തുടങ്ങി വിവിധ അലവൻസുകളിലെല്ലാം വർദ്ധനവിന് നിർദ്ദേശമുണ്ട്. മന്ത്രിസഭായോഗമാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത്. സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കെ വിവാദ സാദ്ധ്യത ഒഴിവാക്കാനായി തിരക്കിട്ട തീരുമാനത്തിനിടയില്ലെന്നാണ് വിവരം. 2018-ലാണ് ഇതിന് മുൻപ് ശമ്പള വർദ്ധന നടപ്പാക്കിയത്. മന്ത്രിമാർക്ക് 97,429 രൂപയും എംഎൽഎമാർക്ക് 70,000 രൂപയും ആണ് നിലവിലെ ശമ്പളം.

# പഴയിടത്തെ ആക്ഷേപിക്കുന്നവരിൽ കപട പുരോഗമനവാദികളും വിപ്ലവ വായാടികളും, ഭയന്ന് പിൻമാറരുതെന്ന് എം വി ജയരാജൻ

**തിരുവനന്തപുരം :** സ്കൂൾ കലോത്സവ ഭക്ഷണത്തിൽ വർഗീയ വിഷം കലർത്താൻ നോക്കിയ കാട്ടാളൻമാർക്ക് കേരളം മാപ്പ് നൽകില്ലെന്ന് സി,പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി.
ജയരാജൻ പറഞ്ഞു. രാജ്യത്തിന്റെ പല പ്രദേശങ്ങളിലും ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പേരിൽ മനുഷ്യനെ തല്ലിക്കൊല്ലുന്നതിൽ ആനന്ദം കണ്ടെത്തുന്ന വർഗീയ ഭ്രാന്തൻമാരുണ്ട്.
അവർക്ക് ശ്രീനാരായണ ഗുരു മുതൽ കൃഷ്ണപിള്ളയും എ.കെ.ജിയും ഇ.എം.എസും എ.കെ.ജിയും വരെയുള്ളവർ പാകപ്പെടുത്തിയ മലയാളികളുടെ മണ്ണിൽ ഇതുവരെ സ്ഥാനം ലഭിച്ചിരുന്നില്ലെന്ന് എം.വി. ജയരാജൻ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.
നാളിതുവരെ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രുചികരമായ ഭക്ഷണം നൽകിവന്നത് പഴയിടം മോഹനൻ നമ്പൂതിരിയാണ്. ഒരാപേക്ഷപവും ഇതുവരെ അദ്ദേഹം ഉണ്ടാക്കിയില്ല. മോഹനൻ നമ്പൂതിരിയെ ഇപ്പോൾ ആക്ഷേപിക്കുന്നവരിൽ വർഗീയവാദികൾ മാത്രമല്ല, കപട പുരോഗമനവാദികളും വിപ്ലവവായാടികളുമുണ്ട്. ഇത്തരത്തിൽ ചില പ്രതികരണം വരുമ്പോൾ ഭയന്നോടുകയെന്നതും ഒരു പ്രതിഭാശാലിയിൽ നിന്നും നാട് പ്രതീക്ഷിക്കുന്നതല്ല. അങ്ങനെവന്നാൽ സന്തോഷിക്കുക വർഗീയക്കോമരങ്ങൾ മാത്രമാണെന്നും അദ്ദേഹം കുറിച്ചു.
**എം.വി.ജയരാജന്റെ ഫേസ്ബുക്ക് പോസ്റ്റ്**




**കാട്ടാളന്മാരേ അരുത്-**
പഴയിടം ഭയന്നോടരുത്.
സ്കൂൾ കലോത്സവഭക്ഷണത്തിൽ വർഗീയ വിഷം കലർത്താൻ നോക്കിയ കാട്ടാളന്മാരേ, നിങ്ങൾക്ക് കേരളം മാപ്പുനൽകില്ല. രാജ്യത്തിന്റെ പല പ്രദേശങ്ങളിലും ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പേരിൽ മനുഷ്യനെ തല്ലിക്കൊല്ലുന്നതിൽ ആനന്ദം കണ്ടെത്തുന്ന വർഗീയഭ്രാന്തന്മാരുണ്ട്. അവർക്ക് ശ്രീനാരായണഗുരുമുതൽ കൃഷ്ണപിള്ളയും എ.കെ.ജി.യും ഇഎംഎസ്സും എ.കെ.ജിയും വരെയുള്ളവർ പാകപ്പെടുത്തിയ മലയാളികളുടെ മണ്ണിൽ ഇതുവരെ സ്ഥാനം ലഭിച്ചിരുന്നില്ല. ഇന്ന് ശ്രീനാരായണഗുരു ജീവിച്ചിരുന്നെങ്കിൽ 'ഭക്ഷണമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ചുട്ട മറുപടി വർഗീയവൈതാളികൾക്ക് നൽകിയേനെ. ഭാവിപൗരന്മാരായ കുട്ടികളുടെ മനസ്സിൽ വർഗീയവിഷം കുത്തിവെക്കുന്നവർ കാവിവൽക്കരണ അജണ്ടയുമായി ഭരണകൂടത്തിന്റെ സ്പോൺസർഷിപ്പോടെ പാഠ്യപദ്ധതിയെപ്പോലും മാറ്റിമറിക്കുമ്പോൾ കേരളം ഭരണഘടനയുടെ അടിസ്ഥാന തൂണായ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നു.
നാളിതുവരെ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രുചികരമായ ഭക്ഷണം നൽകിവന്നത് പഴയിടം മോഹനൻ നമ്പൂതിരിയാണ്. ഒരാപേക്ഷപവും ഇതുവരെ അദ്ദേഹം ഉണ്ടാക്കിയില്ല. അദ്ദേഹം തയ്യാറാക്കുന്ന ഭക്ഷണത്തിന്റെ രുചിയെയും മേന്മയെയും നമ്മുടെ നാട്ടിലെ ജനങ്ങളും മാധ്യമകളും നിരന്തരം പുകഴ്ത്തിക്കൊണ്ടിരുന്നു. സേവനതല്പരനായി കഠിനാധ്വാനത്തിലൂടെ കലോത്സവങ്ങളുടെ ഊട്ടുപുര ഒരുക്കിയിരുന്ന മോഹനൻ നമ്പൂതിരിയെ ഇപ്പോൾ ആക്ഷേപിക്കുന്നവരിൽ വർഗീയവാദികൾ മാത്രമല്ല, കപട പുരോഗമനവാദികളും വിപ്ലവവായാടികളുമുണ്ട്. ഇത്തരത്തിൽ ചില പ്രതികരണം വരുമ്പോൾ ഭയന്നോടുകയെന്നതും ഒരു പ്രതിഭാശാലിയിൽ നിന്നും നാട് പ്രതീക്ഷിക്കുന്നതല്ല. അങ്ങനെവന്നാൽ സന്തോഷിക്കുക വർഗീയക്കോമരങ്ങൾ മാത്രമാണ്. നമ്മെ ഭരിക്കുന്നത് ഭയമല്ല, ധീരതയാണ്. ഭയന്നോടിയവരോ മാപ്പെഴുതിക്കൊടുത്തവരോ അല്ല, ചരിത്രം രചിച്ചത്. ആ പാരമ്പര്യം പഴയിടം കാത്തുസൂക്ഷിക്കുമെന്ന് പ്രതീക്ഷിക്കട്ടെ!
എം.വി. ജയരാജൻ

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ





# ഇന്ത്യയിൽ കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനത്തിൽ വർധന

**ന്യൂഡൽഹി:** രാജ്യത്തെ കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനം 2022 ഡിസംബറിൽ 15.03 ശതമാനം വർദ്ധിച്ച് 98,443 ദശലക്ഷം യൂണിറ്റായി ഉയർന്നതായി കണക്കുകൾ.കഴിഞ്ഞ വർഷം ഇതേ മാസത്തിൽ ഇത് 85,579 ദശലക്ഷം യൂണിറ്റായിരുന്നു. 2022 നവംബറിലെ 1,18,029 ദശലക്ഷം യൂണിറ്റിൽ നിന്ന് ഡിസംബറിൽ രാജ്യത്തെ മൊത്തം വൈദ്യുതി ഉൽപാദനം 1,28,536 ദശലക്ഷം യൂണിറ്റായി ഉയർന്നു. 8.90 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.വിലകുറഞ്ഞ പ്രകൃതി വിഭവവും, ഇന്ത്യയിലെ സമൃദ്ധമായ ലഭ്യതയും കാരണം രാജ്യത്തെ മൊത്തം വൈദ്യുതി ഉത്പാദനത്തിൻറെ ഭൂരിഭാഗവും കൽക്കരി ഉപയോഗിച്ചാണ്. പുനരുപയോഗിക്കാവുന്ന ഊർജ്ജത്തിലേക്ക് രാജ്യം മാറാൻ ശ്രമിക്കുമ്ബോൾ കൽക്കരി ഇന്ത്യയുടെ പ്രധാന ഊർജ്ജസ്രോതസ്സായി തുടരും. നിലവിൽ രാജ്യത്തെ മൊത്തം വൈദ്യുതി ഉത്പാദനത്തിൻറെ 76.59 ശതമാനവും കൽക്കരി അധിഷ്ഠിതമാണ്.ആഭ്യന്തര കൽക്കരി ഉപയോഗം 2021-2022 ൽ 678 ദശലക്ഷം ടണ്ണിൽ നിന്ന് 2031-32 ഓടെ 1,018.2 ദശലക്ഷം ടണ്ണായി ഉയരുമെന്നാണ് പ്രതീക്ഷ. ഗതാഗത ചെലവ് നിർണ്ണയിക്കുന്നതിലും അതുവഴി അന്തിമ ഉത്പ്പന്നത്തിൻറെ വില നിർണ്ണയിക്കുന്നതിലും ഇതിന് വലിയ പങ്കുണ്ട്.

# ആഗോള എഞ്ചിനീയറിംഗ് സ്ഥാപനമായ വിഐഎഎസ്ഡി കാഡ്മാർക്ക് സോഫ്റ്റ്വെയറിനെ ഏറ്റെടുത്തു.



ടെക്സാസിലെ ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിഐഎഎസ്3ഡി, തിരുവനന്തപുരം ആസ്ഥാനമായുള്ള കാഡ്മാർക്ക് സോഫ്റ്റ്വെയർ പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതായി പ്രഖ്യാപിച്ചു. ഇന്ത്യയിൽ വിഐഎഎസ്3ഡി നടത്തുന്ന ആദ്യ ഏറ്റെടുക്കലാണിത്. തിരുവനന്തപുരം ആസ്ഥാനമായുള്ള കാഡ്മാർക്ക് സോഫ്റ്റ്വെയർ, വ്യവസായങ്ങൾക്കുള്ള ഡിസൈൻ അധിഷ്ഠിത പരിഹാരങ്ങൾ നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്പെഷ്യലിസ്റ്റ് എഞ്ചിനീയറിംഗ് കമ്പനിയാണ്.ഉയർന്ന നിലവാരത്തിലുള്ള എഞ്ചിനീയറിംഗ് സേവനം നൽകിക്കൊണ്ട് ഇന്ത്യൻ, ആഗോള ക്ലയന്റുകൾക്ക് മൂല്യം സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെയാണ് ഈ ഏറ്റെടുക്കൽ നടക്കുന്നത്. ഇന്ത്യയിലെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയോടെ, വിഐഎഎസ്3ഡി ഉപഭൂഖണ്ഡത്തിൽ അതിന്റെ സാന്നിധ്യം അടയാളപ്പെടുത്താനും അടുത്ത 3 വർഷത്തിനുള്ളിൽ അതിന്റെ സംയോജിത ഇൻസ്റ്റാളേഷൻ അടിത്തറ ഇരട്ടിയാക്കാനും പദ്ധതിയിടുന്നു. പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ധർ. ഇലക്ട്രിക് വെഹിക്കിൾസ്, ഹൈടെക്, മാനുഫാക്ചറിംഗ്, എയ്റോസ്പേസ് ഡിഫൻസ്, സ്പേസ് തുടങ്ങിയ വ്യവസായങ്ങളെ അവരുടെ ഉൽപ്പന്ന വികസനത്തിൽ പിന്തുണയ്ക്കുന്നതിലൂടെ പ്രതിവർഷം 30 മുതൽ 50% വരെ വളരുന്ന വരുമാനം 2025-ഓടെ ഇരട്ടിയാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.''ഈ ഏറ്റവും പുതിയ ഏറ്റെടുക്കലിലൂടെ ഇന്ത്യയിൽ ഞങ്ങളുടെ സൊല്യൂഷനുകളും സേവനങ്ങളും വിപുലീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. വിവിധ വ്യാവസായിക പ്രക്രിയകളെക്കുറിച്ച് ആഴത്തിലുള്ള അറിവുള്ള യുഎസ്എയിലെയും മെക്സിക്കോയിലെയും പരിചയസമ്പന്നരായ ഒരു ആഗോള എഞ്ചിനീയറിംഗ് ടീമിന്റെ പിന്തുണയോടെ, ഇന്ത്യയിൽ മികച്ച സാങ്കേതിക വിദഗ്ധർ ഉള്ളതിനാൽ വിഐഎഎസ്3ഡി വ്യവസായത്തിൽ ഒരു വ്യക്തിമുദ്ര പതിപ്പിച്ചു. എഞ്ചിനീയറിംഗ് കമ്മ്യൂണിറ്റിക്ക് ആഗോള മൂല്യം നൽകുന്നതിന് ഞങ്ങൾ കാഡ്മാർക്ക് ടീമിനെ തുറന്ന കൈകളോടെ സ്വാഗതം ചെയ്യുന്നു.' വിഐഎഎസ്3ഡിയുടെ ഗ്ലോബൽ സിഇഒ സുമന്ത് കുമാർ പരാമർശിക്കുന്നു. 'മികച്ച ഇൻ-ക്ലാസ് ഉൽപ്പന്ന വികസന പരിഹാരങ്ങൾ സ്വീകരിക്കാൻ നൂതന കമ്പനികളെ ഇത് സഹായിക്കും. സംയോജിത ഉപഭോക്തൃ അടിത്തറ ഇപ്പോൾ സർക്കാർ മേഖലയ്ക്കും സേവനങ്ങളും പരിഹാരങ്ങളും നൽകുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്നുള്ള വിഐഎഎസ്3ഡിയുടെ വ്യാപനത്തിലേക്ക് കൂട്ടിച്ചേർക്കും.' അദ്ദേഹം കൂട്ടിച്ചേർത്തു.''കാഡ്മാർക്ക് സോഫ്റ്റ്വെയറും വിഐഎഎസ്3ഡിയും ഉപഭോക്താക്കളെ ഒന്നാമതെത്തിക്കുന്നതിന്റെയും ആഴത്തിലുള്ള സാങ്കേതിക വൈദഗ്ധ്യം വാഗ്ദാനം ചെയ്യുന്നതിന്റെയും പൊതുവായ മൂല്യങ്ങൾ പങ്കിടുന്നു. ഞങ്ങളുടെ ക്ലയന്റുകൾക്ക് ശക്തമായ ഉപഭോക്തൃ പിന്തുണയും ശ്രദ്ധയും നൽകുന്നത് വിഐഎഎസ്3ഡി തുടരുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.' കാഡ്മാർക്ക് സ്ഥാപകൻ മന്മധൻ എം.കെ പറഞ്ഞു.

# ലുലു ഗോ ഗ്രീൻ' പ്രമോഷൻ തുടങ്ങി



**കുവൈത്ത് സിറ്റി:** മേഖലയിലെ പ്രമുഖ റീട്ടെയിലറായ ലുലു ഹൈപ്പർമാർക്കറ്റിൽ 'ലുലു ഗോ ഗ്രീൻ' പ്രമോഷൻ തുടങ്ങി.ഹൈപ്പർമാർക്കറ്റിലെ എല്ലാ ഔട്ട്ലെറ്റുകളും ജനുവരി10 വരെയുള്ള പ്രമോഷന്റെ ഭാഗമാണ്. ഇതിന്റെ ഭാഗമായി അൽ ഖുറൈൻ ഔട്ട്ലെറ്റിൽ 'എക്സ്പ്ലോർ യുവർ ഗാർഡൻ കലക്ഷൻസ്' എന്ന പ്രത്യേക പ്രമോഷനൽ കാമ്ബയിൻ നടന്നു. ഗൾഫ് പാംസ് കമ്ബനി സി.ഇ.ഒ മുഹൽഹൽ ജെ.ഇ. മുദാഫ്, സൽസല നഴ്സറികളുടെ ഉടമകളായ ഫവാസ് ജവാദ് ഹസൻ അല്ലങ്കാവി, ജവാദ് ഹസൻ അല്ലങ്കാവി എന്നിവർ സംയുക്തമായി ഉദ്ഘാടനം ചെയ്തു.പ്രമോഷന്റെ ഭാഗമായി പട്ടം പറത്തൽ പ്രദർശനത്തിനെത്തിയവർലുലു ഹൈപ്പർമാർക്കറ്റ് ഉന്നത മാനേജ്മെന്റ് പ്രതിനിധികളും അഭ്യുദയകാംക്ഷികളും പങ്കെടുത്തു. രാജ്യത്തെ ഒരു ഡസനോളം പ്രമുഖ സസ്യ നഴ്സറികൾ പ്രമോഷനിൽ പങ്കെടുക്കുന്നുണ്ട്. വ്യത്യസ്ത പൂക്കൾ, അലങ്കാര, പച്ചക്കറി ചെടികൾ, പൂന്തോട്ട ആക്സസറികൾ എന്നിവ എല്ലാം വിലക്കിഴിവിലും ലഭ്യമാണ്. സൽസല നഴ്സറികൾ, ഗൾഫ് പാംസ് കമ്ബനി, മകിത, ബ്ലാക്ക് ആൻഡ് ഡെക്കർ എന്നിവ കൂടുതൽ കലക്ഷനുകളോടെ പ്രമോഷനിലെ പ്രധാന ഭാഗമാകുന്നു.ചെറിയ കുട്ടികൾക്ക് വിനോദത്തിനായി ഇവന്റ് ഏരിയക്ക് സമീപം പ്രത്യേക കളിസ്ഥലം ക്രമീകരിച്ചിട്ടുണ്ട്. ഭക്ഷണ, പാനീയ കൗണ്ടറുകളും ഉണ്ട്. പ്രമോഷന്റെ ഭാഗമായി നടന്ന പട്ടം പറത്തൽ പ്രദർശനം ആവേശകരമായി. ബാൽക്കണി ഗാർഡൻ മത്സരത്തിലെ ജേതാക്കൾക്കും പങ്കെടുക്കുന്നവർക്കും സമ്മാനങ്ങൾ നൽകി. ഒന്നാം സ്ഥാനത്തിന് 100 ദീനാർ ഗിഫ്റ്റ് വൗച്ചർ, രണ്ടും മൂന്നും സ്ഥാനത്തിന് 75, 50 ദീനാർ എന്നിങ്ങനെ ഗിഫ്റ്റ് വൗച്ചറുകൾ ലഭിച്ചു.



# ഇന്ത്യയിൽ ചുവടുറപ്പിക്കാൻ ഒരുങ്ങി ആപ്പിൾ

അമേരിക്കൻ ടെക് ഭീമനായ ആപ്പിൾ ഇന്ത്യയിൽ ആദ്യത്തെ മുൻനിര റീട്ടെയിൽ സ്റ്റോർ തുറക്കാൻ ഒരുങ്ങുന്നു.കമ്ബനി റീട്ടെയിൽ സ്റ്റോറിലേക്ക് ജീവനക്കാരെ നിയമിക്കാൻ ആരംഭിച്ചതായാണ് റിപ്പോർട്ടുകൾ.ആപ്പിളിൻറെ കരിയർ പേജിൽ ഇതിനകം തന്നെ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ വ്യത്യസ്ത ജോലികൾക്കായി നിരവധി ഓപ്പണിംഗുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ബിസിനസ്സ് വിദഗ്ദ്ധൻ, ജീനിയസ്, ഓപ്പറേഷൻ വിദഗ്ദ്ധൻ, സാങ്കേതിക വിദഗ്ദ്ധൻ ഉൾപ്പെടെ നിരവധി വ്യത്യസ്ത അവസരങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്.ലോകമെമ്ബാടുമുള്ള നിരവധി കമ്ബനികൾ ജീവനക്കാരെ പിരിച്ച് വിടുന്ന സാഹചര്യത്തിലാണ് ആപ്പിളിന്റെ നിയമനമെന്നതും ശ്രദ്ധേയമാണ്.



# ആപ്പിളിനോട് മത്സരിക്കാൻ വൺപ്ലസ് പാഡ് ഇന്ത്യൻ വിപണിയിലേക്ക്

ഇന്ത്യയിൽ ടാബ്ലെറ്റ് അവതരിപ്പിക്കാൻ വൺപ്ലസ്. പ്രമുഖ സ്മാർട്ട്ഫോൺ ബ്രാൻഡുകളായ ഷവോമി, റിയൽമി, നോക്കിയ, മോട്ടറോള എന്നീ ബ്രാൻഡുകളുടെ ശ്രേണിയിലേയ്ക്കാണ് വൺപ്ലസും ചേരുന്നത്.ആപ്പിളിൻറെ ഐപാഡുമായി കിടപിടിക്കാൻ കഴിയുന്ന തരത്തിലാണ് വൺപ്ലസ് പാഡ് ഒരുക്കുന്നത്. ടാബ്ലെറ്റ് വൺപ്ലസ് 11ആർനൊപ്പം പുറത്തിറക്കുമെന്നാണ് റിപ്പോർട്ടുകൾ.ക്വാൽകോം സ്നാപ്ഡ്രാഗൺ 865 പ്രൊസസർ, 6 ജിബി റാം, 128 ജിബി ഇൻറേണൽ സ്റ്റോറേജ് എന്നിവ വൺപ്ലസ് പാഡിന് ലഭിക്കും. 12.4 ഇഞ്ച് ഫുൾ-എച്ച്ഡി + ഒഎൽഇഡി ഡിസ്പ്ലേയാണ് ടാബ്ലെറ്റിനുള്ളത്. 13 എംപി പ്രൈമറി ക്യാമറ, 5 എംപി സെക്കൻററി ക്യാമറ, മുൻവശത്ത് 8 എംപി സെൽഫി ക്യാമറ എന്നിവ പാക്ക് ചെയ്യുമെന്നാണ് സൂചന. 45 വാട്ട് ഫാസ്റ്റ് ചാർജിംഗ് പിന്തുണയുള്ള 19,090 എംഎഎച്ച് ബാറ്ററിയാണ് ടാബ്ലെറ്റിനുള്ളത്.13 മെഗാപിക്സൽ പ്രൈമറി ക്യാമറയും 5 മെഗാപിക്സൽ സെക്കൻഡറി ക്യാമറയും അടങ്ങുന്ന ഡ്യുവൽ റിയർ ക്യാമറ സംവിധാനമാണ് ടാബ്ലെറ്റ് വാഗ്ദാനം ചെയ്യുന്നത്. സെൽഫികൾക്കും വീഡിയോ കോളുകൾക്കുമായി 8 മെഗാപിക്സൽ ഫ്രണ്ട് ക്യാമറയാണ് വൺപ്ലസ് പാഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ




# തുനിവിലെ പുതിയ പോസ്റ്റർ പുറത്ത് വന്നു

അജിത് ചിത്രം തുനിവിലെ പുതിയ പോസ്റ്റർ പുറത്ത് വിട്ടു . അജിത് കുമാറും മഞ്ജു വാര്യരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന എച്ച് വിനോദ് സംവിധാനം ചെയ്യുന്ന ചിത്രം ജനുവരി 11ന് പ്രദർശനത്തിന് എത്തും.ബേവ്യൂ പ്രോജക്ട്സ് എൽഎൽപി ബാനറിൽ ചിത്രം നിർമ്മിക്കുന്ന നിർമ്മാതാവ് ബോണി കപൂർ സോഷ്യൽ മീഡിയയിൽ അപ്ഡേറ്റ് പങ്കിട്ടു. ജിബ്രാൻ ഈണം പകർന്ന, വരികൾ വൈശാഖിന്റേതാണ്, സംഗീതസംവിധായകൻ അനിരുദ്ധ് രവിചന്ദറാണ് ഫൺ നമ്പർ പാടിയിരിക്കുന്നത്.എച്ച് വിനോദ്, അജിത് കുമാർ, ബോണി കപൂർ എന്നിവർ ഒന്നിക്കുന്ന മൂന്നാമത്തെ ചിത്രമാണ് തുനിവ്ഉദയനിധി സ്റ്റാലിന്റെ റെഡ് ജയന്റ് മൂവീസാണ് ചിത്രം വിതരണം ചെയ്യുന്നത്, സമുദ്രക്കനി, ജോൺ കൊക്കൻ, വീര എന്നിവരും മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് .



# ഇത് നടി ശോഭനയുടെ സഹോദരിയോ വൈറലായി ചിത്രം

സോഷ്യൽ മീഡിയയിൽ ഇപ്പോൾ ചർച്ച നടി ശോഭനയാണ്. കാരണം താരത്തിനോട് സാമ്യമുള്ള ഒരു പെൺകുട്ടിയുടെ ചിത്രം സമൂഹമാധ്യമങ്ങളിൽ ശ്രദ്ധനേടുന്നതാണ്.ഇത് ശോഭന തന്നെയാണോ അതോ സഹോദരിയോ എന്നിങ്ങനെ പാലാഭിപ്രായങ്ങളും നേടുകയാണ് ഒരു പെൺകുട്ടി.കർണാടിക് ഗായിക ശിവശ്രീ സകന്ദ പ്രസാദ് ആണ് ശോഭനയുടെ മുഖഛായയുടെ പേരിൽ ശ്രദ്ധനേടുന്നത്. നടി ശോഭനയുടെ വിന്റേജ് ലുക്കിനെ ഓർമ്മിപ്പിക്കുന്നുണ്ട് ശിവശ്രീയെന്നാണ് പലരുടെയും അഭിപ്രായം.




# ലെന മുഖ്യകഥാപാത്രമായി എത്തുന്ന 'വനിത' ജനുവരി 20ന് റിലീസ് ചെയ്യും

'മക്കാന'യ്ക്ക് ശേഷം റഹീം ഖാദർ രചനയും സംവിധാനവും നിർവഹിക്കുന്ന ചിത്രമാണ് വനിത. ലെന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ നേരത്തെ പുറത്തുവിട്ടു.72 ഫിലിം കമ്ബനി ജനുവരി 20ന് ചിത്രം റിലീസ് ചെയ്യും.ലെനയെ കൂടാതെ സലിം കുമാർ, ശ്രീജിത്ത് രവി, കലാഭവൻ നവാസ്, നവാസ് വള്ളിക്കുന്ന്, സീമ ജി.നായർ, അഖിൽ പ്രഭാകർ, തൊമ്മൻ മാങ്കുളം, മിയ അഷ്റഫ്, ശ്രീജിത്ത് സത്യരാജ് തുടങ്ങിയവരും അഭിനയിക്കുന്നു.മൂവി മേക്കറിന്റെ ബാനറിൽ ജബ്ബാർ മരക്കാർ ആണ് നിർമ്മാണം. സഹനിർമ്മാതാവ്: നിഷാദ് ഹംസ. പ്രൊഡക്ഷൻ ഡിസൈനർ: സമദ് ഉസ്മാൻ. ടി.മുഹമ്മദ് ഷമീർ ക്യാമറ കൈകാര്യം ചെയ്യുമ്ബോൾ ആന്റണി മെൻഡോസ് എഡിറ്റിംഗ് നിർവഹിക്കുന്നു. ബിജിബാൽ പശ്ചാത്തല സംഗീതം നിർവഹിക്കുന്ന ചിത്രത്തിന്റെ ഓഡിയോഗ്രാഫ് എം.ആർ. രാജകൃഷ്ണൻ നിർവഹിക്കുന്നു.



# 10 കോടി കടന്ന് ഉണ്ണിമുകുന്ദന്റെ മാളികപ്പുറം

നവാഗതനായ വിഷ്ണു ശശി ശങ്കറിന്റെ മാളികപ്പുറം വലിയ വിജയമായി മാറി. ഉണ്ണി മുകുന്ദൻ പ്രധാന വേഷത്തിൽ എത്തുന്ന സിനിമ തിയേറ്ററുകളിലെ പ്രദർശനം രണ്ടാം വാരത്തിലും മികച്ച പ്രതികരണങ്ങളാണ് ലഭിക്കുന്നത്.ആദ്യത്തെ വാരാന്ത്യത്തെക്കാൾ കൂടുതൽ കളക്ഷൻ രണ്ടാം വാരാന്ത്യത്തിൽ ലഭിച്ചെന്നാണ് റിപ്പോർട്ട് .കേരള ബോക്സ് ഓഫീസിൽ നിന്ന് മാത്രം 10 മുതൽ 12 കോടി നേടിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. മറ്റ് ഇന്ത്യൻ വിപണികളിലും വിദേശ വിപണികളിലും ഈയാഴ്ച പുറത്തിറങ്ങിയ ചിത്രം മികച്ച കളക്ഷൻ സ്വന്തമാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.നിർമ്മാതാക്കളുടെ തിയേറ്റർ വിഹിതത്തിൽ നിന്നു തന്നെ ലാഭത്തിലെത്തിയ മാളികപ്പുറം ഒ.ടി.ടി സാറ്റലൈറ്റ് അവകാശങ്ങൾ കൂടി വിറ്റുപോകുമ്ബോൾ നിർമ്മാതാക്കൾക്ക് വലിയ നേട്ടം ഉണ്ടാക്കും. കാവ്യാ ഫിലിം കമ്ബനി, ആൻ മെഗാ മീഡിയ എന്നീ ബാനറുകൾ ആണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.



# ദി നൈറ്റ് മാനേജരുടെ ഫസ്റ്റ് ലുക്ക് എത്തി

മലംഗിന് ശേഷം, ആദിത്യ റോയ് കപൂറും അനിൽ കപൂറും ദ നൈറ്റ് മാനേജർ എന്ന പേരിൽ മറ്റൊരു അതിശയിപ്പിക്കുന്ന പ്രോജക്റ്റിനായി വീണ്ടും ഒന്നിച്ചിരിക്കുകയാണ്.ജനുവരി 9 ന് ഇൻസ്റ്റാഗ്രാമിൽ ഫസ്റ്റ് ലുക്ക് പോസ്റ്ററോടെ ആഷിഖി 2 നടൻ ആവേശകരമായ പ്രോജക്റ്റ് പ്രഖ്യാപിച്ചു.ഡിസ്നേ ഹോട്ട്സ്റ്റാറിൽ ത്രില്ലർ പ്രീമിയർ ചെയ്യുന്നതാണ് , റിലീസ് തീയതി നിർമ്മാതാക്കൾ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.മലംഗിലെ അഭിനയത്തിലൂടെ ആരാധകരെ ആകർഷിച്ച ശേഷം, അനിൽ കപൂറും ആദിത്യ റോയ് കപൂറും അവരുടെ അടുത്ത ത്രില്ലറായ ദി നൈറ്റ് മാനേജരുമായി ബാർ ഉയർത്താൻ ഒരുങ്ങുകയാണ്. വരാനിരിക്കുന്ന പരമ്ബരയിൽ ശോഭിത ധൂലിപാല, തിലോത്തമ ഷോം, ശാശ്വത ചാറ്റർജി, രവി ബെഹൽ എന്നിവരോടൊപ്പം ഇതുവരെ കണ്ടിട്ടില്ലാത്ത കഥാപാത്രങ്ങളിൽ ഇരുവരും അവതരിപ്പിക്കുന്നതാണ് .




# ഗാരെത് ബെയ്ൽ വിരമിച്ചു

**കാർഡിഫ്:** വെയ്ൽസ് സൂപ്പർ ഫുട്ബോളർ ഗാരെത് ബെയ്ൽ വിരമിച്ചു. 33-ാം വയസിൽ തികച്ചും അപ്രതീക്ഷിതമായാണ് ഫുട്ബോളിൽനിന്ന് ബെയ്ൽ പൂർണമായി വിരമിച്ചത്.ഏറെ ചിന്തിച്ചെടുത്ത തീരുമാനമാണ്, രാജ്യാന്തര-ക്ലബ് ഫുട്ബോളിൽനിന്ന് പൂർണമായി വിരമിക്കുന്നു - ഗാരെത് ബെയ്ൽ വിരമിക്കൽ അറിയിച്ച് പ്രസ്താവിച്ചു. രാജ്യാന്തര തലത്തിൽ വെയ്ൽസിനായി ഏറ്റവും കൂടുതൽ മത്സരങ്ങൾ (111) കളിച്ചതിൻറെ റിക്കാർഡുമായാണ് ബെയ്ൽ വിരമിക്കുന്നത്. സ്പാനിഷ് ക്ലബ്ബായ റയൽ മാഡ്രിഡിനൊപ്പം അഞ്ച് തവണ യുവേഫ ചാന്പ്യൻസ് ലീഗ് ജേതാവായ ബെയ്ൽ, വെയ്ൽസ് കണ്ട ഏറ്റവും മികച്ച ഫുട്ബോളറാണ്.1958നുശേഷം 2022 ഖത്തറിലൂടെ ഫിഫ ലോകകപ്പ് ഫുട്ബോളിൽ വെയ്ൽസിനെ എത്തിച്ചശേഷമാണ് ബെയ്ൽ എന്ന ക്യാപ്റ്റൻറെ പടിയിറക്കം. 2016, 2020 യുവേഫ യൂറോ കപ്പിലും വെയ്ൽസിനൊപ്പം കളിച്ചു.ജന്മനാടായ കാർഡിഫിലെ കാർഡിഫ് സിവിൽ സർവീസ് ക്ലബ്ബിലൂടെയാണ് കാൽപ്പന്ത് ലോകത്തിലേക്ക് എത്തിയത്. തുടർന്ന് സതാംപ്ടണിൻറെ യൂത്ത് സംഘത്തിൽ. സതാംപ്ടണിലൂടെ പ്രഫഷണൽ അരങ്ങേറ്റം.ടോട്ടൻഹാം, റയൽ മാഡ്രിഡ് ക്ലബ്ബുകൾക്കായി കളിച്ചു. അമേരിക്കൻ ക്ലബ്ബായ ലോസ് ആഞ്ചലസ് എഫ്സിക്കുവേണ്ടിയായിരുന്നു നിലവിൽ കളിച്ചുകൊണ്ടിരുന്നത്. 2013ൽ ടോട്ടൻഹാമിൽനിന്ന് അന്നത്തെ ലോക റിക്കാർഡ് ട്രാൻസ്ഫർ തുകയ്ക്കാണ് റയൽ മാഡ്രിഡിൽ എത്തിയത്. ക്ലബ് തലത്തിൽ 553 മത്സരങ്ങളിൽനിന്ന് 185 ഗോളും രാജ്യാന്തര വേദിയിൽ 111 മത്സരങ്ങളിൽനിന്ന് 41 ഗോളും സ്വന്തമാക്കി.



# ട്വന്റി–20 ഉപേക്ഷിക്കില്ല: രോഹിത് ശർമ

ഐസിസി 2024 ട്വൻറി-20 ലോകകപ്പ് മുൻനിർത്തിയുള്ള ഇന്ത്യയുടെ ഒരുക്കങ്ങളിൽ മുതിർന്നതാരങ്ങളായ രോഹിത് ശർമ, വിരാട് കോഹ് ലി, കെ.എൽ. രാഹുൽ എന്നിവർ ഇല്ലെന്നു മുഖ്യപരിശീലകൻ രാഹുൽ ദ്രാവിഡ് കഴിഞ്ഞദിവസം പറയാതെ പറഞ്ഞിരുന്നു.എന്നാൽ, ട്വൻറി-20 ഉപേക്ഷിക്കില്ലെന്നു തീർത്തു പറഞ്ഞിരിക്കുകയാണു രോഹിത് ശർമ. ശ്രീലങ്കയ്ക്കെതിരായ ഏകദിന പരന്പരയ്ക്ക് മുന്നോടിയായുള്ള പത്രസമ്മേളനത്തിലായിരുന്നു രോഹിത് നിലപാട് വ്യക്തമാക്കിയത്.തുടർച്ചയായി മത്സരങ്ങൾ കളിക്കുക എന്നത് മൂന്നു ഫോർമാറ്റിലും കളിക്കുന്ന താരങ്ങളെ സംബന്ധിച്ച് അപ്രായോഗികമാണ്. അതുകൊണ്ട് ഇടവേളയെടുത്തു. ന്യൂസിലൻഡിന് എതിരായ ട്വൻറി-20 വരാനിരിക്കുന്നു.അതുപോലെ ഐപിഎല്ലിനുശേഷം എന്താണു സംഭവിക്കുകയെന്നു കണ്ടറിയാം. ഏകദിന ലോകകപ്പ് ഈ വർഷം നടക്കുന്നതിനാൽ അതിനാണു കൂടുതൽ പ്രാധാന്യം ഇപ്പോൾ നൽകുന്നത് - രോഹിത് ശർമ പറഞ്ഞു.





# റൊണാൾഡോയും മെസിയും നേർക്കുനേർ

**റിയാദ്:** ഫുട്ബോൾ ആരാധകർക്ക് ആവേശമാകാൻ സൂപ്പർ താരങ്ങളായ ക്രിസ്റ്റ്യാനോ റൊണാൾഡോയും ലയണൽ മെസിയും തമ്മിലുള്ള പോരാട്ടത്തിനു വേദിയൊരുങ്ങുന്നു.റൊണാൾഡോയുടെ പുതിയ ക്ലബ്ബായ അൽ നസറിൻറെ കോച്ചാണ് ഇക്കാര്യം അറിയിച്ചത്.റിയാദ് ക്ലബ്ബുകളായ അൽ നസറിൻറെയും അൽ ഹിലാലിൻറെയും കളിക്കാരെ ഉൾപ്പെടുത്തിയുള്ള സൗഹൃദ മത്സരത്തിലാണു ക്രിസ്റ്റ്യാനോ റൊണാൾഡോ ഇറങ്ങുക. ലയണൽ മെസിയുടെ ഫ്രഞ്ച് ക്ലബ്ബായ പിഎസ്ജിക്കെതിരേയാണ് ഈ സൗഹൃദ പോരാട്ടം. ഇതോടെയാണ് മെസിയും റൊണാൾഡോയും നേർക്കുനേർ ഇറങ്ങാനുള്ള സാഹചര്യം ഒരുങ്ങുന്നത്. ഈ മാസം 19നാണ് ഈ സൗഹൃദ പോരാട്ടം.മറിക്കാർഡ് പ്രതിഫലത്തിന് സൗദി അറേബ്യൻ ക്ലബ്ബായ അൽ നസറിൽ എത്തിയ പോർച്ചുഗൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ ഇതുവരെ അരങ്ങേറിയിട്ടില്ല. ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബായ മാഞ്ചസ്റ്റർ യുണൈറ്റഡിൽ ആയിരുന്നപ്പോൾ എവർട്ടൺ ആരാധകൻറെ ഫോൺ തട്ടിത്തെറിപ്പിച്ചതിനു ഇംഗ്ലീഷ് എഫ്എ റൊണാൾഡോയ്ക്ക് രണ്ടു മത്സരത്തിൽ വിലക്ക് ഏർപ്പെടുത്തിയിരുന്നു. 22ന് അൽ എത്തിഫാഖുമായുള്ള മത്സരത്തിൽ മാത്രമേ റൊണാൾഡോയ്ക്ക് ഇനി ഇറങ്ങാൻ സാധിക്കൂ.



# റോബർട്ടോ മാർട്ടിനസ് പോർച്ചുഗൽ കോച്ച്

ലിസ്ബൺ : ക്രിസ്റ്റ്യാനോ റൊണാൾഡോയെ സൈഡ് ബെഞ്ചിലിരുത്തി വിവാദം സൃഷ്ടിക്കുകയും ലോകകപ്പിലെ ക്വാർട്ടർ ഫൈനൽ തോൽവിക്ക് പിന്നാലെ രാജിവച്ചൊഴിയുകയും ചെയ്ത ഫെർണാൻഡോ സാന്റോസിന് പകരം മുൻ ബെൽജിയം കോച്ച് റോബർട്ടോ മാർട്ടിനസിനെ പോർച്ചുഗൽ തങ്ങളുടെ മുഖ്യ ഫുട്ബാൾ പരിശീലകനായി തിരഞ്ഞെടുത്തു.ആറ് വർഷത്തോളം ബെൽജിയം കോച്ചായിരുന്ന സ്പെയ്ൻകാരനായ മാർട്ടിനസ് ഇത്തവണ ടീം ലോകകപ്പ് ഗ്രൂപ്പ്റൗണ്ടിൽ പുറത്തായതോടെയാണ് സ്ഥാനമൊഴിഞ്ഞത്.ഇംഗ്ളീഷ് ക്ളബുകളായ വിഗാൻ,എവർട്ടൺ എന്നിവയുടെ കോച്ചായിരുന്ന മാർട്ടിനെസ് 2016ലാണ് ബെൽജിയം കോച്ചായത്.2018ൽ ടീമിനെ ഫിഫ റാങ്കിംഗിൽ ഒന്നാമതും ലോകകപ്പിൽ മൂന്നാമതും എത്തിക്കാനായി.യുവതാരങ്ങൾക്കൊപ്പം പ്രവർത്തിക്കാനാണ് മാർട്ടിനെസിന് താത്പര്യം എന്നാണ് അറിയുന്നത്. അങ്ങനെയെങ്കിൽ പോർച്ചുഗൽ ടീമിൽ ക്രിസ്റ്റ്യാനോ തുടരുന്ന കാര്യം സംശയത്തിലാകും.











Our Branches
Parassala,Trivandrum,Kollam,Ranni,Kottayam
Aroor,kalamassery,Perumbavoor,Thrissur,Calicut
Toll free 95003 95005


RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com